STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.05/PR/SPMC/PHQ/2025 Date: 15.01.2025

# 150 കോൺസ്റ്റബിൾ ഡ്രൈവർമാരുടെ സംയുക്ത പരേഡ്: സംസ്ഥാന പോലീസ് മേധാവി അഭിവാദ്യം സ്വീകരിച്ചു

ഇന്ത്യാ റിസർവ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 150 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ സംസ്ഥാന പൊലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേശ് സാഹിബ് ഐ.പി.എസ് അഭിവാദ്യം സ്വീകരിച്ചു. മാറുന്ന കാലത്തിനനുസൃതമായ ആധുനിക സാങ്കേതിക വിദ്യകൾ പരിശീലിക്കാനും ഉൾകൊള്ളാനും പുതിയ സേനാംഗങ്ങൾ പര്യാപ്തരാകണം എന്ന് സേനാംഗങ്ങളെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു.

ഇന്ന് രാവിലെ 8.30ന് തൃശ്ശൂർ ഐ.ആർ.ബി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ മലപ്പുറം എം.എസ്.പി ബറ്റാലിയനിൽ നിന്ന് 21 പേരും എസ്.എ.പി ബറ്റാലിയനിൽ നിന്ന് 43 പേരും കെ.എ.പി ഒന്ന്, രണ്ടു, മൂന്ന്, നാല്, അഞ്ച് ബറ്റാലിയനുകളിൽ നിന്ന് യഥാക്രമം 14, 12, 32, 15, 13 സേനാംഗങ്ങളുമാണ് സംയുക്ത പരേഡിൽ അണിനിരന്നത്. ആറുമാസത്തെ അടിസ്ഥാനപരിശീലനം പൂർത്തിയാക്കിയാണ് ഇവർ കേരള പോലീസിന്റെ ഭാഗമാകുന്നത്.

സ്ത്രീ-പുരുഷ വേർതിരിവ് ഒഴിവാക്കിക്കൊണ്ടുള്ള പ്രതിജ്ഞാവാചകം ഏറ്റുചൊല്ലിയാണ് പുതിയ റിക്രൂട്ടുകൾ സേനാംഗങ്ങളായത്.

പരേഡ് കമാന്റ് വിഷ്ണു മഹേന്ദ്രയും, നബീൽ ഷാ എസ് പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡറുമായിരുന്നു.

സർക്കാർ വിഭാവനം ചെയ്യുന്നതരത്തിലുള്ള നവകേരളസൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുതിനും പോലീസിന്റെ

ആപ്തവാക്യമായ 'മൃദു ഭാവേ ദൃഢ കൃത്യേ' അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് ഇവർക്ക് നൽകിയിട്ടുള്ളത്.

ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിങ്, വെപ്പൺ ഹാൻഡിലിൽ, ആംസ് ഡ്രിൽ, നീന്തൽ, ഫയറിങ് പ്രാക്ടീസ്, അൺ ആംഡ് കോംബാറ്റ്, യോഗ, ട്രാഫിക് ഡ്രിൽ, ലാത്തി ആൻഡ് ഷീൽഡ് ഡ്രിൽ എന്നീ വിഷയങ്ങളിൽ ഔട്ട്ഡോർ പരിശീലനവും അടിസ്ഥാന ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, അച്ചടക്കം, സ്ട്രെസ് മാനേജ്മെന്റ്, മുതിർന്ന ഓഫീസർമാരോടുള്ള പെരുമാറ്റം, മോട്ടോർ ട്രാൻസ്പോർട് വിഭാഗത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്തങ്ങളും, മോട്ടോർ വെഹിക്കിൾസ് ആക്ട്, ട്രാഫിക് അവയെർനസ് ക്ലാസുകൾ, കെ.എസ്.ആർ, വിവിധ നിയമസംഹിതകൾ, എം.എ.സി.ടി നടപടിക്രമങ്ങൾ, വകുപ്പിൽ ഉപയോഗിക്കുന്ന ആധുനിക വാഹനങ്ങൾ എന്നീ വിഷയങ്ങളിൽ ഇൻഡോർ പരിശീലനവും നൽകി.

ഇവയ്ക്കുപുറമെ വിവിധ തരത്തിലുള്ള ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ ഓടിക്കുന്നതിനും ഡിപ്പാർട്മെന്റിലെ വിവിധ തരത്തിലുള്ള സ്പെഷ്യലൈസ്ഡ് വാഹനങ്ങളായ ക്രെയ്ൻ, റിക്കവറി വെഹിക്കിൾ, ബാഗ്ഗജ് സ്കാനർ, വരുൺ, വജ്ര എന്നിവ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും വി.വി.ഐ.പി മോട്ടോർ കേഡ് വെഹിക്കിൾ മൂവ്മെന്റ് എന്നീ വിഷയങ്ങളിലും പ്രായോഗിക പരിശീലനവും നൽകി.

പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവച്ച ചുവടെ പറയുന്നവരെ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി പുരസ്കാരം നൽകി ആദരിച്ചു.
ബെസ്റ് ഇൻഡോർ നവനീത് ജി (കെ.എ.പി 2), ബെസ്റ് ഔട്ഡോർ വിഷ്ണു മഹേന്ദ്ര (കെ.എ.പി 3), ബെസ്റ് ഷൂട്ടർ പ്രജീഷ്. ടി (എം.എസ്.പി), ബെസ്റ് ഓൾ റൗണ്ടർ വിഷ്ണു മഹേന്ദ്ര (കെ.എ.പി 3)

വിദ്യാഭ്യാസ സമ്പന്നരായ ഒരു കൂട്ടം യുവാക്കളെയാണ് ഈ പരിശീലനത്തിന് ശേഷം പൊതുജന സേവനത്തിനായി സേനയ്ക്ക് ലഭിക്കുന്നത്. പരിശീലനം നേടിയവരിൽ എം.ടെക് യോഗ്യതയുള്ള രണ്ടു പേരും പോസ്റ്റ് ഗ്രാജുവേഷൻ യോഗ്യതയുള്ള ഏഴു പേരും ബി ടെക് യോഗ്യതയുള്ള 15 പേരും ബി എഡ്ഡുള്ള രണ്ടു പേരും 53 ബിരുദധാരികളും 16 ഡിപ്ലോമക്കാരും 15 ഐ ടി ഐ ക്കാരും ഉൾപെടും.

ചടങ്ങിൽ ആംഡ് പൊലീസ് ബറ്റാലിയൻ എ ഡി ജി പി എം ആർ അജിത് കുമാർ ഐ പി എസ്, ആംഡ് പൊലീസ് ബറ്റാലിയൻ ഡി ഐ ജി ആനന്ദ് ആർ ഐ പി എസ് ,ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡന്റ് എം. ഹേമലത ഐ.പി.എസ് എന്നിവർ പങ്കെടുത്തു.

ജനപ്രതിനിധികൾ, ജില്ലയിലെ ഉന്നത പൊലീസുദ്യോഗസ്ഥർ സന്നിഹിതരായിരുന്നു.